'ഭരണഭാഷ - മാതൃഭാഷ'

**കേരള സർക്കാർ**

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ്- കോവിഡ് 19 - കോളേജുകളുടെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പ്രവർത്തനം സംബന്ധിച്ചും അദ്ധ്യാപകർ/അനദ്ധ്യാപകർ സ്ഥാപനങ്ങളിൽ ഹാജരാകുന്നത് സംബന്ധിച്ചും തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

**ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.750/2020 /ഉ.വി.വ തീയതി, തിരുവനന്തപുരം, 09.06.2020

പരാമർശം:- 1. 28.05.2020-ലെ സ.ഉ.(കൈ) നം. 199/2020/ഉ.വി.വ.
2. 07.06.2020-ലെ സ.ഉ.(കൈ)നം. 112/2020/പൊ.ഭ.വ.

**ഉത്തരവ്**

കോവിഡ്-19 നിർവ്യാപന/പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ കോളേജുകളുടെയും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പ്രവർത്തനം സംബന്ധിച്ച് താഴെപ്പറയുന്ന തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു

1. കോളേജുകളിലെയും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും പ്രിൻസിപ്പൽമാരും അനദ്ധ്യാപകരും എല്ലാ പ്രവൃത്തി ദിവസങ്ങളിലും സ്ഥാപനത്തിൽ ഹാജരാകേണ്ടതാണ്.

2. പരാമർശം 1-ലെ ഉത്തരവ് പ്രകാരം ക്ലാസുകൾ വീടുകളിൽ നിന്നും നടത്തുവാൻ അനുവദിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപകർ ഓൺലൈൻ ക്ലാസുകൾ നടത്തുന്നു എന്ന് പ്രിൻസിപ്പൽമാർ ഉറപ്പുവരുത്തേണ്ടതാണ്.

3. കോളേജ്/മറ്റു ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഓഫീസുകളുടെ പ്രവർത്തന സമയം 8.30 മുതൽ ഉച്ചയ്ക്കുശേഷം 3.30 വരെയായിരിക്കും.

4. അദ്ധ്യാപകരുടെ ക്ലാസ്സ് റൂം/ഓൺലൈൻ അദ്ധ്യാപന സമയം രാവിലെ 8.30 മുതൽ ഉച്ചയ്ക്കുശേഷം 1.30 വരെ ആയിരിക്കും. ഉച്ചയ്ക്ക് 1.30 ന് ശേഷം, ഗവേഷണത്തിനും, പ്രോജക്ട് ഫണ്ടിങ്ങിനായി അപേക്ഷിക്കുന്നതിനും, കോളേജിന്റെ NAAC/NBA അക്രഡിറ്റേഷന്റെ പ്രവർത്തനങ്ങൾക്കും remedial ക്ലാസ്സ് സംഘടിപ്പിക്കുന്നതിനും അധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.

(മറുപുറം കാണുക)

5. പരീക്ഷാ ജോലിക്ക് നിയോഗിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപകരും, അനദ്ധ്യാപകരും വീഴ്ച കൂടാതെ പ്രസ്തുത ഡ്യൂട്ടിക്ക് ഹാജരാകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം,)

**ഡോ. ഉഷ ടൈറ്റസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ് :-

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്, പ്രജോ ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.
4. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
5. ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യുക്കേഷൻ കേരള, ആനത്തറ ലെയൻ ചാരാച്ചിറ, കവടിയാർ പി.ഓ., തിരുവനന്തപുരം -3
6. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/തൃശ്ശൂർ/എറണാകുളം/കോഴിക്കോട്
7. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല, മലപ്പുറം/കണ്ണൂർ സർവ്വകലാശാല,കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ന്യൂവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി.പി.ഒ., കളമശ്ശേരി,എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജി യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം.
8. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം
9. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്(പ്രസിദ്ധീകരണത്തിന്)
10. www.highereducation.kerala.gov.in (പ്രസിദ്ധീകരണത്തിന്)
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഇണ്ടാസ് നമ്പർ ഇഎ1/1162/2017/എച്ച്. ആർ.ഡി (1) തീയതി. 10.06.2020

1. പകർപ്പ് തുടർ നടപടികൾക്കായി എല്ലാ സ്ഥാപമേധാവികൾക്കും
2. അഡീഷണൽ ഡയറക്ടർ
3. ഐ. റ്റി ഡിവിഷൻ
4. കരുതൽ ഫയൽ/ഓഫീസ്പകർപ്പ്

ഒപ്പ്
ഡയറക്ടർ

**അംഗീകാരത്തോടെ**

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

3921/20/HRD

B2/16384/2020/DCE

43/10.6.2020
10 2020
INSTITUTE OF HUMAN RESOURCES DEVELOPMENT THIRUVANANTHAPURAM

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 08.06.2020

## പരിപത്രം

വിഷയം:- കോ.വി.വ. - ജീവനക്കാര്യം - കോവിഡ് -19 പശ്ചാത്തലത്തിൽ ഗവ. ആർട്സ് & സയൻസ് കോളേജുകൾ , ഗവ. ട്രെയിനിങ് കോളേജുകൾ , ഗവ.മ്യൂസിക് കോളേജുകൾ , ഗവ.സംസ്കൃത കോളേജുകൾ - ലെ ഗസ്റ്റ് അദ്ധ്യാപക നിയമനം -മാർഗ്ഗ നിർദ്ദേശങ്ങൾ -സംബന്ധിച്ച്

സൂചന :- വിവിധ സ്ഥാപന മേധാവികളിൽ നിന്നും ലഭിച്ച കത്തുകൾ

*********

കോവിഡ് -19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ ഈ വകുപ്പിന്റെ നിയന്ത്രണാധികാരത്തിലുള്ള സ്ഥാപനങ്ങളിൽ ഗസ്റ്റ് അദ്ധ്യാപകരുടെ നിയമനവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് നിർദ്ദേശിക്കുന്നു.

1). സ്ഥിരാദ്ധ്യാപകരില്ലാത്ത വിവിധ വിഷയങ്ങളിലെ വകുപ്പുകളിൽ നിലവിലുള്ള വർക്ക് ലോഡിന്റെയും വ്യവസ്ഥയുടെയും അടിസ്ഥാനത്തിൽ ഓൺലൈൻ ക്ലാസ്സുകളുടെ ക്രോഡീകരണത്തിനും മറ്റ് സ്ഥാപനങ്ങളിൽ നിന്നും സമാന വിഷയങ്ങളിലുള്ള ഓൺലൈൻ ക്ലാസുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഒരു ഗസ്റ്റ് അദ്ധ്യാപകനെ നിയമിക്കാവുന്നതാണ്.

2). സ്ഥിരാദ്ധ്യാപകർ വകുപ്പുകളിൽ ഉള്ളപക്ഷം ഗസ്റ്റ് അദ്ധ്യാപകരെ ടി സ്ഥാപനങ്ങളിൽ നിയമിക്കേണ്ടതില്ല . ഗസ്റ്റ് അദ്ധ്യാപകരുടെ അഭാവത്തിൽ ഉണ്ടാകുന്ന ക്ലാസ്സുകളുടെ നഷ്ടം പരിഹരിക്കുന്നതിനായി ഇതേ വിഷയത്തിൽ സമീപ കോളേജുകളിൽ നിന്നുള്ള ഓൺലൈൻ ക്ലാസുകൾ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുത്തേണ്ടതാണ്. ഈ പ്രവർത്തനത്തിന്റെ ഏകോപന ചുമതല അതത് കോളേജുകളിലെ പ്രിൻസിപ്പാൾ / HOD മാരിൽ നിക്ഷിപ്തമാണ് . എന്നാൽ മറ്റ് കോളേജുകളിലെ ഓൺലൈൻ ക്ലാസുകൾ ഷെയർ ചെയ്യാനാവാത്ത സാഹചര്യത്തിൽ അവശ്യ ഗസ്റ്റ് അദ്ധ്യാപകരെ അതാത് പ്രിൻസിപ്പൾമാർക്ക് നിയമിക്കാവുന്നതാണ്.

3). വിവിധ വിഷയങ്ങളിൽ കൂടുതൽ ഗസ്റ്റ് അദ്ധ്യാപകരുടെ സേവനം അനിവാര്യമാകുന്ന പക്ഷം വകുപ്പിന്റെ പ്രത്യേക അനുമതിയോടെ മാത്രം നിയമിക്കാവുന്നതാണ്.

4). കോവിഡ് പശ്ചാത്തലത്തിൽ ആണ് ഗസ്റ്റ് അദ്ധ്യാപക ഇന്റർവ്യൂ നടത്തേണ്ടതെന്നാൽ സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിച്ചിരിക്കണം.

5). ഈ നിയന്ത്രണങ്ങൾ ഓൺലൈൻ ക്ലാസ് സംവിധാനം മാറി റെഗുലർ ക്ലാസ് സംവിധാനം പുനഃസ്ഥാപിക്കുന്നതുവരെ മാത്രമായിരിക്കും.

**Approval Valid**

Digitally Approved By
വിഘ്നേശ്വരി വി ഐ.എ.എസ്സ്
Date: 08.06.2020
Reason: Approved

ഒപ്പ്/-
വിഘ്നേശ്വരി വി ഐ.എ.എസ്സ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1). എല്ലാ സ്ഥാപന മേധാവികൾക്കും

2). ഡയറക്ടർ / അഡിഷണൽ ഡയറക്ടർ /ഡെപ്യൂട്ടി ഡയറക്ടർ /സീനിയർ എ ഒ -മാരുടെ സി.എ-മാർക്ക്

3). കരുതൽ ഫയൽ / നടപ്പ് ഫയൽ

ഇണ്ടാസ് നമ്പർ ഇഎ1/1162/2017/എച്ച്. ആർ.ഡി(2) തീയതി. 10.06.2020

1. പകർപ്പ് തുടർ നടപടികൾക്കായി എല്ലാ സ്ഥാപമേധാവികൾക്കും
2. അഡീഷണൽ ഡയറക്ടർ
3. ഐ. റ്റി ഡിവിഷൻ
4. കരുതൽ ഫയൽ/ഓഫീസ്പകർപ്പ്

ഒപ്പ്
ഡയറക്ടർ

**അംഗീകാരത്തോടെ**

**അഡ്മിനിസ്ട്രറ്റീവ് ഓഫീസർ**